**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** **05-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ കർഷക ആത്മഹത്യ കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിൽ 2016 ജനുവരി മുതൽ നാളിതു വരെ എത്ര കർഷകരാണ് കാർഷിക പ്രതിസന്ധി, കടബാധ്യത എന്നിവമൂലം ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **വയനാട്ടിൽ 2016 ജനുവരി മുതൽ നാളിതു വരെ 11 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.** |
| (ബി) | ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക വായ്പകൾ സർക്കാർ എഴുതി തള്ളുന്നുണ്ടോ; എങ്കിൽ വയനാട് ജില്ലയിൽ മാത്രമായി 2016 ജനുവരി മുതൽ നാളിതുവരെ എത്ര രൂപ ഇപ്രകാരം എഴുതി തള്ളിയിട്ടുണ്ട്; ഇത് സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; | (ബി) | 31.08.2018 വരെയുള്ള വയനാട്ടിലെ കാർഷിക വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്. കൃഷിനാശം സംഭവിച്ച് സാമ്പത്തിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് 3 ലക്ഷം രൂപ ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളോട് പലിശ പൂർണ്ണമായി ഇളവ് ചെയ്ത് കൊടുക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | ആത്മഹത്യ ചെയ്യുന്ന കർഷകരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | 31.08.2018 വരെയുള്ള വയനാട്ടിലെ കാർഷിക വായ്പകൾക്ക് കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ച് വരുന്നുണ്ട്. കൃഷിനാശം സംഭവിച്ച് സാമ്പത്തിക പ്രതിസന്ധി മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് 3 ലക്ഷം രൂപ ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളോട് പലിശ പൂർണ്ണമായി ഇളവ് ചെയ്ത് കൊടുക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ